**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3989** **27-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ റദ്ദായ റേഷൻകടകൾ പുന:സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ റദ്ദായ മുഴവൻ റേഷൻകടകളും പുന:സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | KTPDS (Control) Order, 2021 നിലവിൽ വന്ന സാഹചര്യത്തിൽ സ്ഥിരമായി റദ്ദ് ചെയ്യുതും നടപടികൾ പൂർത്തീകരിച്ചതിനു ശേഷം അറ്റാച്ച് ചെയ്യതുമായ കടകളുടെ സ്ഥിരം ലൈസൻസി നിയമനത്തിനായി സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുവിതരണ ഡയറക്ടർ സ്വീകരിച്ചുവരുന്നു. |
| (ബി) | കുട്ടനാട്ടിലെ റേഷൻകടകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യ വിഹിതം പരിമിതമാണ്. സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല. കേരളത്തിലുണ്ടായ കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ 50,000 മെട്രിക് ടൺ അരി കൂടുതലായി അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി കേന്ദ്രമന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ അനുകൂലമായ തീരുമാനം ഉണ്ടായതായി അറിയുന്നു. എന്നാൽ കോവിഡ് - 19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മുതൽ നവംബർ വരെയും 2021 മെയ് മുതൽ നവംബർ വരെയും ആളൊന്നിന് 5 കി.ഗ്രാം എന്ന തോതിൽ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന മുഖേന, മുൻഗണനാ വിഭാഗങ്ങൾക്ക് ലഭ്യമാക്കിയ ഭക്ഷ്യധാന്യങ്ങൾ സമയബന്ധിതമായി വിട്ടെടുത്ത് വിതരണം ചെയ്തു വരികയാണ്. കൂടാതെ അലോട്ട്മെന്റ് കുറവുള്ള പൊതു വിഭാഗത്തിലെ കാർഡുകൾക്ക് കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനായി കി.ഗ്രാമിന് 20 മുതൽ 22.50 |

| | | | |
|---|---|---|---|
| | | | രൂപ വരെയുള്ള നിരക്കുകളിൽ FCI യിൽ നിന്ന് അരി ലഭ്യമാക്കി, 2020 ഏപ്രിൽ മാസത്തിൽ സൗജന്യമായും പിന്നീടുള്ള വിവിധ മാസങ്ങളിൽ കിലോഗ്രാമിന് 15 രൂപ നിരക്കിലും വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ടൈഡ് ഓവർ നിരക്കിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് വർദ്ധിപ്പിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിക്കുന്ന മുറയ്ക്ക് പൊതുവിഭാഗത്തിലെ കാർഡുകൾക്ക് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ